പ്രിയപ്പെട്ട കൂട്ടുകാരെ,

പുതിയ അധ്യയന വർഷത്തെ വരവേൽക്കാൻ ഒരുങ്ങി ക്കഴിഞ്ഞുവല്ലോ. ഒരു നല്ല തുടക്കം ആശംസിക്കുന്നു. ഇടവപ്പാതി മഴയും തുടങ്ങുന്ന കാലം. വേനലിന്റെ വറു തിയെ മഴയുടെ കുത്തൊഴുക്കിൽ മറന്നു പോകരുത്. മഴക്കാല രോഗങ്ങൾക്ക് കാരണമാകുന്ന മാലിന്യങ്ങൾ നമ്മുടെ തന്നെ സൃഷ്ടിയാണ്. അവ നമ്മുടെ വീടിന്റെ പരിസരങ്ങളിലില്ലെന്നുറപ്പാക്കണം. ഈ മഴക്കു ശേഷം ഇനിയുമൊരു വേനൽ വരാനിരിക്കുന്നു എന്നുകൂടി ഓർക്കണം. നമ്മുടെ പറമ്പിലും പുരയിടത്തിലും വീഴുന്ന വെള്ളം അവിടെത്തന്നെ മണ്ണിൽ ആഴ്ന്നു പോകാനുള്ള സംവിധാനമുണ്ടാക്കണം. ജലസംഭരണികളായിരുന്ന നെൽപാടങ്ങൾ അനുദിനം കുറഞ്ഞു കൊണ്ടിരിക്കുന്നു. പകരം ജലസംഭരണത്തിനുള്ള മാർഗം നാംതന്നെ ക ണ്ടെത്തിയേ തീരൂ.

ജൂൺ അഞ്ച് ലോക പരിസ്ഥിതി ദിനം. നഷ്ടപ്പെട്ടു കൊ ണ്ടിരിക്കുന്ന വനങ്ങൾക്ക് പകരം വൃക്ഷങ്ങളെങ്കിലും നട്ടു വളർത്തുക. വൃക്ഷങ്ങൾ വനത്തിന് പകരമാകില്ലെങ്കിലും. ആഗോള താപനമെന്നത് സൂര്യതാപത്തിലൂടെ മേയ് മാസത്തിൽ നാം കണ്ടു കഴിഞ്ഞുവല്ലോ. ഓർക്കുക ഇനി നിങ്ങൾ കണ്ടു നിൽക്കേണ്ടവരല്ല, ഇടപെടേണ്ടവരാണ്.

സ്നേഹപൂർവം,<br>കോഡിനേററർ<br>മലർവാടി ബാലസംഘം.